പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1361 | 13.07.2016-ൽ മറുപടിക്ക്

## കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സംസ്ഥാനത്ത് കുട്ടികൾക്കെതിരെ ലൈംഗികാതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 6835 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് ശൈശവ വിവാഹം നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമെന്ന് വെളിപ്പെടുത്തുമോ; ശൈശവ വിവാഹം തടയുന്നതിന് എന്തു നടപടികളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ശൈശവ വിവാഹം നടന്നതുമായി ബന്ധപ്പെട്ട് 50 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശൈശവ വിവാഹം തടയുന്നതിന് വേണ്ടി, Prohibition of Child Marriage Act പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റപത്രം സമർപ്പിച്ചും, ജനമൈത്രി സംവിധാനം ഉപയോഗിച്ച് ബോധവൽക്കരണം നടത്തിയും വേണ്ട കരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര കുട്ടികളെ കാണാതായിട്ടുണ്ടെന്നും, എത്ര കുട്ടിക്കച്ചവടങ്ങൾ നടന്നിട്ടുണ്ടെന്നും, കാണാതായ കുട്ടികളിൽ എത്ര പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്നും വിശദമാക്കുമോ; | (സി) 6755 കുട്ടികളെ കാണാതാവുകയും ഇതിൽ 6568 കുട്ടികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കുട്ടിക്കച്ചവടം നടന്നതുമായി ബന്ധപ്പെട്ട് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് കൊലചെയ്യപ്പെട്ട കുട്ടികൾ എത്രയെന്ന് വെളിപ്പെടുത്തുമോ? | (ഡി) 253 കുട്ടികൾ കൊലചെയ്യപ്പെട്ടിട്ടുണ്ട്. |

Rajani.M

സെക്ഷൻ ഓഫീസർ